**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2** **22-02-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഉദ്യോഗസ്ഥരുടെ സോഷ്യൽ മീഡിയ ഇടപെടലുകൾ നിയന്ത്രിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സോഷ്യൽ മീഡിയ മുഖേന സർക്കാർ ഉദ്യോഗസ്ഥർ സർക്കാരിനെതിരെ അധിക്ഷേപം നടത്തിയതായ പരാതികൾ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | സോഷ്യൽ മീഡിയ മുഖേന സർക്കാരിനെതിരെ അധിക്ഷേപം നടത്തിയ സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ മുഖ്യമന്ത്രിക്ക് ലഭിച്ച പരാതികളിൽ പോലീസ് അന്വേഷണം ആവശ്യമായവ സ്റ്റേറ്റ് പോലീസ് ചീഫിനും മറ്റുള്ളവ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്കും യഥാസമയം അന്വേഷണത്തിനായി കൈമാറിയിട്ടുണ്ട്. ഇത്തരം പരാതികളെ സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. സർക്കാർ ജീവനക്കാർ പെരുമാറ്റ ചട്ടങ്ങൾക്കനുസൃതമായി മാത്രമെ സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള പൊതു പ്ലാറ്റ്ഫോമുകളിൽ ഇടപെടാൻ പാടുള്ളൂ. ഇക്കാര്യം ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, വകുപ്പ് എന്നിവ വ്യക്തമാക്കാമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | ഓരോ പരാതിയിലും സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം വിശദമാക്കാമോ; | (സി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | സർക്കാരിനെ അധിക്ഷേപിച്ചതായി പരാതി ലഭിച്ചിട്ടും നടപടികൾ സ്വീകരിക്കാത്ത ബന്ധപ്പെട്ട മേലുദ്യോഗസ്ഥർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (ഇ) | സർക്കാർ ഉദ്യോഗസ്ഥരുടെ സോഷ്യൽ മീഡിയ ഇടപെടലുകൾ നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഇ) | (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ